LIBRARY ARCHIVES Kerala Legislative Assembly

വനസംരക്ഷണവും ആധുനികവൽക്കരണവും

198 (7761) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കുന്ന ആധുനിക സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കുമോ ;

(ബി) വനസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി ഉപയോഗിക്കുന്ന കമ്പ്യൂട്ടർ സോഫ്റ്റ്വെയറുകൾ ഏതെല്ലാം ; ഇത്തരം സോഫ്റ്റ്വെയറുകളിലൂടെ പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(സി) പ്രസ്തുത സോഫ്റ്റ്വെയറുകൾ ഡെവലപ്പ് ചെയ്യുന്നതിനായി നാളിതുവരെ ചെലവായ തുക എത്രയെന്നും ഇത് ഏത് .അംഗീകൃത ഏജൻസിയാണ് ഡെവലപ്പ് ചെയ്തതെന്നും വ്യക്തമാക്കുമോ ;

(ഡി) വനം വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിനായി അംഗീകൃത ഏജൻസികളിൽനിന്നും വാങ്ങിയ കമ്പ്യൂട്ടറുകളുടെ വിശദാംശവും ആയതിനായി ചെലവഴിച്ച തുകയും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കുന്ന ആധുനിക സംവിധാനങ്ങൾ താഴെ പറയുന്നവയാണ് :

1. ജി.പി.എസ്. സംവിധാനം ഉപയോഗിച്ചുള്ള വനസംരക്ഷണ പ്രവർത്തനങ്ങൾ.
2. ക്യാമറാ ട്രാപ്സ്.
3. GIS & Remote Sensing ഉപയോഗിച്ചുള്ള വനസംരക്ഷണങ്ങൾ.
4. P.D.A. Advanced Forestry Equipments, DGPS, Total Station ഉപയോഗിച്ചുള്ള വനസംരക്ഷണ പ്രവർത്തനങ്ങൾ
5. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും.

(ബി) വനസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിലേക്കായി എഫ്.എം.ഐ.എസ്. സോഫ്റ്റ്വെയറിൽ ഉപയോഗിക്കുന്ന മോഡ്യൂളുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഈ സോഫ്റ്റ്വെയറുകൾ വനം വകുപ്പിന്റെ വിവിധ സംരക്ഷണ ആവശ്യങ്ങൾക്കായാണ് ഉപയോഗിക്കുന്നത്. ഇതിലൂടെ പൊതുജനങ്ങൾക്ക് നേരിട്ട് സേവനങ്ങൾ ഒന്നുംതന്നെ ലഭ്യമാകുന്നില്ല. എന്നാൽ പൊതുജനങ്ങൾക്കായി വനം വകുപ്പ് തന്നെ വികസിപ്പിച്ചെടുത്ത താഴെ പറയുന്ന സോഫ്റ്റ്വെയറുകൾ ഉപയോഗിച്ചുവരുന്നുണ്ട്:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. അഗസ്ത്യാർകൂടം ട്രക്കിംഗ് ബുക്ക് ചെയ്യുന്നതിനായുള്ള സോഫ്റ്റ് വെയർ "Service Plus" മുഖേന വികസിപ്പിച്ചെടുത്തിട്ടുണ്ട്.

2. വനം വകുപ്പിലെ വിവിധ ഇക്കോ-ടൂറിസം പ്രദേശങ്ങളിലുള്ള ടിക്കറ്റിംഗ് സോഫ്റ്റ്വെയറുകൾ.

3. ക്യാപ്റ്റീവ് എലിഫന്റ് ഡാറ്റാ ബേസ് സിസ്റ്റം - കേരളത്തിലെ നാട്ടാനകളെക്കുറിച്ചുള്ള വിവരങ്ങൾ ലഭിക്കുന്നതിലേക്കായുള്ള സോഫ്റ്റ് വെയറുകൾ ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

4. തടിയധിഷ്ടിത വ്യവസായങ്ങൾക്ക് എൻ.ഒ.സി നൽകുന്നതിനുള്ള അപേക്ഷയുടെ സ്റ്റാറ്റസ് അറിയുന്നതിലേക്കായുള്ള സോഫ്റ്റ്വെയർ.

5. ഇതു കൂടാതെ വനം വകുപ്പിന്റെ വെബ്സൈറ്റായ www.forest.kerala.gov.in -ൽ നിന്നും വനം വകുപ്പ് പ്രസിദ്ധീകരിക്കുന്ന ദർഘാസുകളുടെയും തടി ലേലങ്ങളുടെ വിവരങ്ങൾ, നേച്ചർ ക്യാമ്പുകൾ നടത്തുന്നതിനുള്ള അപേക്ഷകൾ വനം വകുപ്പിൽ നൽകേണ്ടുന്ന വിവിധ ആവശ്യങ്ങൾക്കുള്ള അപേക്ഷകൾ എന്നിവ പൊതുജനങ്ങൾക്ക് ലഭ്യമാണ്.

6. കൂടാതെ ഓൺലൈനായി പൊതുജനങ്ങൾക്ക് വനം വകുപ്പിന്റെ വിവിധ സേവനങ്ങൾ ലഭിക്കുന്നതിനായി എൻ.ഐ.സി.-യുമായി ചേർന്ന് "Service Plus" മുഖാന്തിരം സിറ്റിസൺ സെൻട്രിക് സോഫ്റ്റ്വെയറുകൾ വികസിപ്പിച്ചുകൊണ്ടിരിക്കുന്നു.

(സി) RITES ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനം വികസിപ്പിച്ച സോഫ്റ്റ്വെയറുകൾ ഓൺലൈനാക്കുന്നതിലേക്കായിട്ടുള്ള പ്രവർത്തി കെൽട്രോണിന് നൽകുകയും ആയതിലേക്കായി 2012-13 സാമ്പത്തിക വർഷത്തിൽ 19,10,120 രൂപ ചെലവായിട്ടുണ്ട്.

(ഡി) 2013-14 സാമ്പത്തിക വർഷത്തിൽ M/s CDNS Technologies India Pvt. Ltd., II Floor, Thompil Building, Sasthamangalam, Thiruvananthapuram എന്ന സ്ഥാപനത്തിൽനിന്നും ടെൻഡർ നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ DGS&D റേറ്റ് വ്യവസ്ഥയിൽ 54 കമ്പ്യൂട്ടറുകൾ 22,68,000 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്.

കേരളത്തിന്റെ വനവിസ്തൃതി

199 (7762) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 മുതൽ 2013-14 വരെയുള്ള കാലഘട്ടത്തിലെ വർഷം തിരിച്ചുള്ള കേരളത്തിന്റെ വനവിസ്തൃതിയുടെ വിശദവിവരം നൽകുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം വനവിസ്തൃതി കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ?

483/2016

LIBRARY ARCHIVES Kerala Legislative Assembly